# എബ്രായലേഖനത്തിന്റെ ജീവ-പഠനം

## ദൂത് ഇരുപത്തേഴ്

## ശ്രേഷ്ഠ മഹാപുരോഹിതനും കൃപയുടെ സിംഹാസനവും

### ശ്രേഷ്ഠ മഹാപുരോഹിതൻ

Sat

എബ്രായലേഖനം താരതമ്യങ്ങളുടെ ഒരു പുസ്തകമാണ്. കഴിഞ്ഞ ദൂതുകളിൽ മൂന്നു താരതമ്യങ്ങൾ നാം കണ്ടു: നമ്മുടെ ദൈവവും യെഹൂദന്മാരുടെ ദൈവവും തമ്മിലും, ക്രിസ്തുവും ദൂതന്മാരും തമ്മിലും, ക്രിസ്തുവും മോശെയും തമ്മിലുമുള്ള താരതമ്യങ്ങൾ. ഇപ്പോൾ ഈ പുസ്തകത്തിലെ മറ്റൊരു ഉപവിഭാഗത്തിലേക്കു നാം വരുന്നു (4:14-7:28), അവിടെ ക്രിസ്തുവും അഹരോനും തമ്മിലുള്ള താരതമ്യം എന്ന മറ്റൊരു താരതമ്യം നാം കാണുന്നു. നമ്മുടെ ദൈവം യെഹൂദന്മാർ ആരാധിക്കുന്ന ദൈവത്തെക്കാൾ ഉൽകൃഷ്ടനും, നമ്മുടെ ക്രിസ്തു ദൂതന്മാർ, മോശെ, അഹരോൻ എന്നിവരെക്കാൾ വളരെ ശ്രേഷ്ഠനുമാണ്. നാം കണ്ടതുപോലെ, എബ്രായലേഖനത്തിലെ ഓരോ ഭാഗത്തിലും ഒരു മുന്നറിയിപ്പുണ്ട്. ആദ്യത്തെ മുന്നറിയിപ്പ് 2:1-4-ലും രണ്ടാമത്തേത് 3:7 മുതൽ 4:13 വരെയുള്ളതിലുമാണ്. ഈ ഉപഭാഗത്തിൽ നമുക്ക് മൂന്നാമത്തെ മുന്നറിയിപ്പുണ്ട്, അത് 5:11 മുതൽ 6:20 വരെയുള്ള ഭാഗത്തു കാണാം.

ക്രിസ്തു ദൈവപുത്രനും മനുഷ്യപുത്രനും നമ്മുടെ രക്ഷാനായകനും അപ്പൊസ്തലനും ആണെന്ന് മുൻ അധ്യായങ്ങളിൽ നാം കണ്ടു. ഇവയെല്ലാം നമ്മുടെ മഹാപുരോഹിതനാകുവാൻ അവനെ യോഗ്യനാക്കുന്നു. വേദപുസ്തകത്തിൽ ആരും നമ്മുടെ മഹാപുരോഹിതനായ ക്രിസ്തുവിനെക്കാൾ മനോഹരനോ ഉൽകൃഷ്ടനോ അല്ല. അവൻ ദൈവത്തിൽനിന്നു വരുകയും, ദൈവത്തെ നമുക്കു ശുശ്രൂഷിക്കുകയും ചെയ്യുന്നു. അവന്റെ വരവിനു മുമ്പ് നമുക്ക് ദൈവത്തിൽനിന്നു യാതൊന്നും ഇല്ലായിരുന്നു. ദൈവം ദൈവവും നാം കേവലം മനുഷ്യരും ആയിരുന്നു, അവനുമായി നമുക്ക്

യാതൊരു ബന്ധവുമില്ലായിരുന്നു. അവൻ നമ്മുടെ രക്ഷകനും വീണ്ടെടുപ്പുകാരനുമായി മാത്രമല്ല, നമ്മുടെ മഹാപുരോഹിതനായും വന്നു. രക്ഷകൻ, വീണ്ടെടുപ്പുകാരൻ എന്നീ ശീർഷകങ്ങൾ മിക്ക ആളുകളും ഉപരിപ്ലവമായ രീതിയിലാണ് മനസ്സിലാക്കിയിരിക്കുന്നത്. ക്രിസ്തുവിനെ നമ്മുടെ രക്ഷകനും വീണ്ടെടുപ്പുകാരനുമായി മാത്രമേ നാം അറിയുന്നുള്ളൂവെങ്കിൽ, അവനെ നാം ഉപരിപ്ലവമായ രീതിയിൽ മാത്രമായിരിക്കാം അറിയുന്നത്. നമ്മുടെ രക്ഷാനായകനായും അപ്പൊസ്തലനായും മഹാപുരോഹിതനായും അവനെ അറിയുവാൻ നാം മുമ്പോട്ടുപോകണം. ക്രിസ്തു നമ്മുടെ മഹാപുരോഹിതനാണെന്ന് അനേകം ക്രിസ്ത്യാനികൾ മനസ്സിലാക്കുന്നുണ്ടെങ്കിലും, വാസ്തവത്തിൽ ഇത് എന്താണ് അർഥമാക്കുന്നതെന്ന് പലർക്കും അറിയില്ല. ക്രിസ്തു നമ്മുടെ മഹാപുരോഹിതനായിരിക്കുകയെന്നാൽ എന്താണ് അർഥമാക്കുന്നതെന്ന് അറിയണമെങ്കിൽ നാം എബ്രായലേഖനം മുഴുവനും സമഗ്രമായി നോക്കേണ്ടതുണ്ട്.

എബ്രായർ 4:14 പറയുന്നു, "ആകയാൽ സ്വർഗത്തിലൂടെ കടന്നുപോയ ശ്രേഷ്ഠ മഹാപുരോഹിതനായി ദൈവപുത്രനായ യേശു ഉള്ളതുകൊണ്ട്, നമുക്ക് ഈ ഏറ്റുപറച്ചിൽ മുറുകെപ്പിടിക്കാം." കർത്താവായ യേശുവിനെ നമ്മുടെ അപ്പൊസ്തലനും (3:1), നമ്മുടെ സേനാപതി, നമ്മുടെ നായകനും (2:10), മോശെയെക്കാൾ ശ്രേഷ്ഠനും (3:3), അവന്റെ കൂട്ടാളികളായ നമ്മെ തേജസ്സിലേക്കും വിശ്രമത്തിലേക്കും കൊണ്ടുവരേണ്ടതിന്, നമ്മുടെ യഥാർഥ യോശുവയും (4:8) ആകുവാൻ തക്കവണ്ണം ഒന്നാമതായി ജഡാവതാരത്തിലൂടെ (2:14) ദൈവത്തിൽനിന്ന് നമ്മുടെ അടുക്കലേക്ക് അയച്ചു. പിന്നീട് ദൈവസന്നിധിയിൽ നമ്മെ വഹിക്കുന്നതിനും നമ്മുടെ എല്ലാ ആവശ്യങ്ങൾക്കും വേണ്ടി കരുതുന്നതിനുമായി നമ്മുടെ മഹാപുരോഹിതനായിരിക്കുവാൻ (2:17-18; 4:15) അവൻ പുനരുത്ഥാനത്തിലൂടെയും ആരോഹണത്തിലൂടെയും നമ്മുടെ അടുക്കൽനിന്ന് ദൈവത്തിന്റെ അടുക്കലേക്കു മടങ്ങിപ്പോയി (5:5-6)..

ഇന്ന് നമുക്ക് ആവശ്യമുള്ളവനും സഭാജീവിതത്തിന്റെ ശബ്ബത്തിൻ വിശ്രമത്തിൽ ഉള്ളവനുമായ അതേ ക്രിസ്തു നമ്മുടെ മഹാപുരോഹിതനാണ്. ശരിയായി പറഞ്ഞാൽ, ഒരു മഹാപുരോഹിതൻ തെരുവിലോ മരുഭൂമിയിലോ അല്ല, അതിവിശുദ്ധസ്ഥലത്താണ്. നമ്മുടെ ക്രിസ്തു ഇന്നെവിടെയാണ്? അവൻ എപ്പോഴും അതിവിശുദ്ധസ്ഥലത്താണ്. നമ്മുടെ മഹാപുരോഹിതൻ യാഗപീഠത്തിൽ യാഗങ്ങൾ അർപ്പിക്കുകയോ, വിശുദ്ധസ്ഥലത്ത് കാഴ്ചയപ്പം ഒരുക്കുകയോ, വിളക്കുകൾ തെളിക്കുകയോ, ധൂപം കത്തിക്കുകയോ ചെയ്യുന്നില്ല. അവൻ അതിവിശുദ്ധസ്ഥലത്താണ്. മിക്ക ക്രിസ്ത്യാനികൾക്കും യാഗപീഠത്തിലുള്ള ക്രിസ്തു, അതായത്

ക്രൂശിൽ കിടക്കുന്ന ക്രിസ്തു മാത്രമേയുള്ളൂ. ക്രൂശിക്കപ്പെട്ട ക്രിസ്തുവിനെക്കുറിച്ച് നിരവധി ഗീതങ്ങൾ സംസാരിക്കുന്നുണ്ട്. ചില ക്രിസ്ത്യാനികൾക്ക് വിശുദ്ധസ്ഥലത്തുള്ള ക്രിസ്തു മാത്രമേ ഉള്ളൂ. അവരുടെ ആത്മികാന്വേഷണത്തിലെ ഏറ്റവും ഉയർന്ന നേട്ടം, കാഴ്ചയപ്പം ഒരുക്കുകയും വിളക്കു തെളിക്കുകയും ധൂപം കത്തിക്കുകയും ചെയ്യുന്ന ഒരു ക്രിസ്തുവാണ്. അവർക്ക് അതിവിശുദ്ധസ്ഥലത്തിലെ മഹാപുരോഹിതനെ നഷ്ടമായി. ഇന്ന് നമ്മുടെ മഹാപുരോഹിതന്റെ മുഖ്യ പ്രവർത്തനം യാഗപീഠത്തിലോ വിശുദ്ധസ്ഥലത്തോ അല്ല, മറിച്ച് ദൈവത്തിന്റെ സാന്നിധ്യവും ഷെക്കീനാ തേജസ്സും ഉള്ള അതിവിശുദ്ധസ്ഥലത്താണ്. അതെ, ഒരിക്കൽ അവൻ ക്രൂശിലായിരുന്നു, എന്നാൽ 1:3 വെളിപ്പെടുത്തുന്നതുപോലെ, ക്രൂശിലെ അവന്റെ വേല പൂർത്തിയായി. അതു വീണ്ടും പോയി ചെയ്യുവാൻ അവനോട് ഒരിക്കലും ആവശ്യപ്പെടരുത്. ഇപ്പോൾ, തന്റെ വേല പൂർത്തിയാക്കിയിട്ട് അവൻ സ്വർഗത്തിൽ ദൈവത്തിന്റെ വലത്തുഭാഗത്ത് ഇരിക്കുന്നു. ദൈവത്തോട് ഇതിലും അടുത്തുള്ള മറ്റൊരു സ്ഥലവുമില്ല. ഇപ്പോൾ ദൈവസന്നിധിയിൽ ഇരിക്കുന്ന ഈ ക്രിസ്തുവിന്റെ അടുത്തേക്ക് മുമ്പോട്ടുവരുന്നതിന് നമ്മെ സഹായിക്കുവാനാണ് എബ്രായലേഖനം എഴുതിയത്.

അതിവിശുദ്ധസ്ഥലത്തുള്ളവനായ ക്രിസ്തു കേവലം നമ്മുടെ രക്ഷകനോ വീണ്ടെടുപ്പുകാരനോ അപ്പൊസ്തലനോ രക്ഷാനായകനോ അല്ല; അവൻ നമ്മുടെ മഹാപുരോഹിതനാണ്. അതിവിശുദ്ധസ്ഥലത്ത് അവൻ അവിടെ എന്താണ് ചെയ്യുന്നത്? അവൻ ദൈവത്തെ നമ്മിലേക്കു ശുശ്രൂഷിക്കുകയാണ്. മുമ്പത്തെ ഒരു ദൂതിൽ നാം കണ്ടതുപോലെ, മഹാപുരോഹിതന്റെ മുഖ്യ പ്രവർത്തനം ദൈവത്തിന്റെ തിരഞ്ഞെടുക്കപ്പെട്ട ജനത്തിലേക്ക് ദൈവത്തെ ശുശ്രൂഷിക്കുന്നതാണ്. ഓ, ദൈവത്തെ നമ്മിലേക്കു ശുശ്രൂഷിക്കുവാൻ അതിവിശുദ്ധസ്ഥലത്തുള്ള നമ്മുടെ മഹാപുരോഹിതനെ നമുക്ക് എത്രമാത്രം ആവശ്യമാണ്! നമ്മുടെ പരിതസ്ഥിതികളെയും ബലഹീനതകളെയും വിഷമങ്ങളെയും നമ്മെയും മറന്നുകൊണ്ട്, ഇന്ന് യേശുക്രിസ്തു അതിവിശുദ്ധസ്ഥലത്ത് നമ്മുടെ മഹാപുരോഹിതനാണെന്ന് നാം ഓർക്കുക മാത്രം ചെയ്യുക. അങ്ങനെയുള്ള ഒരു മഹാപുരോഹിതൻ നമുക്കുള്ളിടത്തോളം നമുക്കാവശ്യമുള്ളതെല്ലാം നമുക്കുണ്ട്.

പഴയനിയമമനുസരിച്ച്, മഹാപുരോഹിതൻ അതിവിശുദ്ധസ്ഥലത്ത് ദൈവസന്നിധിയിൽ ചെന്നപ്പോഴെല്ലാം, യിസ്രായേൽമക്കളുടെ പേരുകൾ കൊത്തിയിരുന്ന രണ്ടു ഗോമേദകക്കല്ലുകൾ തന്റെ ചുമലിൽ വഹിച്ചിരുന്നു (പുറ. 28:9-12). യിസ്രായേൽമക്കളുടെ പേരുകൾ കൊത്തിയിരുന്ന പന്ത്രണ്ട് വിലയേറിയ കല്ലുകൾ പതിപ്പിച്ച മാർപതക്കം അവൻ ധരിച്ചിരുന്നു

(പുറ. 28:15-30). യിസ്രായേൽ ജനം മഹാപുരോഹിതന്റെ ചുമലിലും മാറിലും ഉണ്ടായിരുന്നുവെന്ന് ഇതു സൂചിപ്പിക്കുന്നു. ചുമൽ ബലത്തെയും മാറ് സ്നേഹത്തെയും സൂചിപ്പിക്കുന്നതിനാൽ, ദൈവജനം മഹാപുരോഹിതന്റെ ബലത്തിന്മേലും സ്നേഹത്തിലും ആയിരുന്നു. മഹാപുരോഹിതൻ അതിവിശുദ്ധസ്ഥലത്തായിരുന്നപ്പോൾ ദൈവജനത്തെയെല്ലാം അവൻ തന്നോടുകൂടെ കൊണ്ടുപോയി., ദൈവത്തിന്റെ ദൃഷ്ടിയിൽ, അവൻ അവിടെ ആയിരുന്നപ്പോൾ എല്ലാ ദൈവജനവും അവനോടുകൂടെ ഉണ്ടായിരുന്നു. അതുപോലെ അതിവിശുദ്ധസ്ഥലത്തുള്ള നമ്മുടെ മഹാപുരോഹിതനായ ക്രിസ്തുവിനെ ദൈവം നോക്കുമ്പോൾ, നമ്മെ അവന്റെ തോളിന്മേലും മാറിലും അവൻ കാണുന്നു. ഈ ദർശനം നാം എത്രമാത്രം കാണേണ്ടതുണ്ട്! സ്വർഗത്തിൽ അതിവിശുദ്ധ സ്ഥലത്തുള്ള നമ്മുടെ മഹാപുരോഹിതൻ ദൈവമുമ്പാകെ നമ്മെ വഹിക്കുകയും ധരിക്കുകയും ചെയ്യുന്നു. ഇപ്പോൾ നാം അതിവിശുദ്ധസ്ഥലത്ത് അവന്റെ തോളിലും അവന്റെ മാറിലുമാണ്. അവിടെ നാം അവനോടുകൂടെ ദൈവത്തിന്റെ ഷെക്കീനാ തേജസ്സിലാണ്.

അതിവിശുദ്ധസ്ഥലത്ത് ദൈവമുമ്പാകെ ക്രിസ്തു നമ്മെ വഹിക്കുമ്പോൾ, അവൻ നമ്മുടെ ആളത്തത്തിലേക്ക് ദൈവത്തെ ശുശ്രൂഷിക്കുന്നു. മുള്ളിനെ നീക്കിക്കളയുവാൻ ആവശ്യപ്പെട്ടുകൊണ്ട് അപ്പൊസ്തലനായ പൗലൊസ് കർത്താവിനോടു പ്രാർഥിച്ചപ്പോൾ (2 കൊരി. 12:7-8) കർത്താവു പറഞ്ഞു, "എന്റെ കൃപ നിനക്കു മതി, എന്റെ ശക്തി ബലഹീനതയിൽ തികഞ്ഞുവരുന്നു" (വാ. 9). കർത്താവ് ഇങ്ങനെ പറയുന്നതുപോലെ തോന്നുന്നു, "പൗലോസേ, ഞാൻ ആ മുള്ളിനെ നീക്കിക്കളയുകയില്ല, എന്നാൽ ഞാൻ കൃപയായി എന്നെത്തന്നെ നിന്നിലേക്കു പകർന്നുനൽകും. ഞാൻ ഇതു ചെയ്യുമ്പോൾ, ഞാൻ എത്രമാത്രം വിലപ്പെട്ടവനും മതിയായവനുമാണെന്ന് നീ അറിയുകയും, എന്നെ അധികമായി നിന്നിലേക്കു ചേർക്കുകയും ചെയ്യും." നമ്മുടെ മഹാപുരോഹിതനെന്ന നിലയിൽ ക്രിസ്തുവിന്റെ തോളിലും മാറിലും നമ്മെ വഹിക്കുകയും ദൈവത്തെ നമ്മിലേക്കു ശുശ്രൂഷിക്കുകയും ചെയ്യുന്ന ഈ അനുഭവം അതിവിശുദ്ധസ്ഥലത്തുള്ള ഒരു അനുഭവമാണ്, അവിടെ നാം ദൈവത്തെത്തന്നെയും അവന്റെ എല്ലാ സമ്പത്തും ആസ്വദിക്കുന്നു. ഈ അനുഭവത്തിലേക്കു നാം പ്രവേശിക്കുമ്പോൾ, നാം എവിടെയാണെന്നോ എന്താണു സംഭവിക്കുന്നതെന്നോ പറയുവാൻ പ്രയാസമാണ്. നമ്മുടെ മഹാപുരോഹിതന്റെ ചുമലിലും മാറിലും നാം ഉണ്ടെന്നും അവൻ നമ്മെ ആശ്വസിപ്പിച്ചുകൊണ്ടും ബലപ്പെടുത്തിക്കൊണ്ടും നമ്മിലേക്കു ചിലത് ശുശ്രൂഷിക്കുന്നുവെന്നും പറയുവാൻ മാത്രമേ നമുക്കു കഴിയുകയുള്ളൂ. ഒരുപക്ഷേ നമുക്ക് പറയുവാൻ കഴിയുന്നത്, "ഞാൻ കർത്താവിൽനിന്നും ചിലതു സ്വീകരിച്ചിട്ടുണ്ടെങ്കിലും അതു വിവരിക്കുവാനോ അതിന് ഒരു പേരു

നൽകുവാനോ എനിക്കു കഴിയുകയില്ല" എന്നു മാത്രമാണ്. നമ്മുടെ മഹാപുരോഹിതനെന്ന നിലയിലുള്ള ഈ ക്രിസ്തുാനുഭവം ഏറ്റവും ഉയർന്ന അനുഭവവും ആസ്വാദനവുമാണ്. അതിവിശുദ്ധസ്ഥലത്ത് അവന്റെ ചുമലിലും മാറിലും തങ്ങുവാൻ നാമെല്ലാവരും പഠിക്കണം. ഇത് അതിവിശുദ്ധസ്ഥലത്തുള്ള അനുഭവങ്ങളോടു യോജിക്കുന്ന നമ്മുടെ രക്ഷയുടെ മൂന്നാം ഘട്ടത്തിലുള്ള അനുഭവമാണ്. പുറത്തെ പ്രാകാരത്തിലെ ക്രിസ്ത്യാനികളായി തുടരുന്നതിൽ നാം സംതൃപ്തരാകരുത്; നാം വിശുദ്ധസ്ഥലത്ത് ചാഞ്ചാടിക്കൊണ്ടിരിക്കുന്ന ക്രിസ്ത്യാനികളും ആകരുത്. ദൈവത്തിന്റെ സാന്നിധ്യവും ഷെക്കീനാ തേജസ്സുമുള്ള അതിവിശുദ്ധസ്ഥലത്തേക്കു നാം മുന്നേറണം.

നമ്മുടെ മഹാപുരോഹിതനെന്ന നിലയിലുള്ള ഈ ക്രിസ്തുാനുഭവം സ്വർഗത്തിലാണെന്നതിനു സംശയമില്ല. എങ്കിലും, സഭ ഇന്ന് നമ്മുടെ ആത്മാവിൽ ദൈവത്തിന്റെ നിവാസമായതുകൊണ്ട് അതു നമ്മുടെ ആത്മാവിലും സഭയിലും ഉണ്ട്. ഭൂമിയെ സ്വർഗവുമായി ബന്ധിപ്പിക്കുകയും സ്വർഗത്തെ ഭൂമിയിലേക്കു കൊണ്ടുവരുകയും ചെയ്യുന്ന സ്വർഗീയ ഗോവണിയായ ക്രിസ്തു നമ്മുടെ ആത്മാവിലാണ്. ദൈവത്തിന്റെ നിവാസത്താലും സ്വർഗീയ ഗോവണിയാലും സ്വർഗത്തിലെ അതിവിശുദ്ധസ്ഥലം നമ്മുടെ ആത്മാവിനോട് യോജിപ്പിച്ചിരിക്കുന്നു. വൈദ്യുതിയുടെ ഉദാഹരണം പരിഗണിക്കുക. വൈദ്യുതപ്രവാഹത്തിന്റെ ഒഴുക്കിനാൽ നമ്മുടെ വീടുകൾ വൈദ്യുതനിലയത്തോടു യോജിപ്പിച്ചിരിക്കുന്നു. വൈദ്യുതിനിലയത്തിലെ ജനറേറ്ററിലും നമ്മുടെ വീടുകളിലും വൈദ്യുതിയുണ്ട്. വൈദ്യുതിയുടെ ഈ ഒഴുക്കില്ലെങ്കിൽ, വൈദ്യതിനിലയം നമ്മുടെ വീടുകളിൽനിന്നും വളരെ ദൂരെയാണ്. എന്നാൽ വൈദ്യുതിയുടെ ഒഴുക്കിനാൽ ഇവ രണ്ടും ഒന്നാക്കപ്പെട്ടിരിക്കുന്നു. അതുപോലെ, സ്വർഗം തീർച്ചയായും നമ്മുടെ ആത്മാവിൽനിന്നും വളരെ അകലെയാണ്. എന്നാൽ അത്ഭുതവാനായ ക്രിസ്തു സ്വർഗത്തിലും നമ്മുടെ ആത്മാവിലുമാണ്. ക്രിസ്തു നമുക്കുവേണ്ടി പക്ഷവാദം ചെയ്തുകൊണ്ട് ദൈവത്തിന്റെ വലത്തുഭാഗത്തിരിക്കുന്നുവെന്ന് റോമർ 8:34-ഉം, ക്രിസ്തു നമ്മുടെ ഉള്ളിലാണെന്ന് റോമർ 8:10-ഉം പറയുന്നു. ഒരാൾ സ്വർഗത്തിലും ഒരാൾ നമ്മുടെ ഉള്ളിലുമായി രണ്ട് ക്രിസ്തു ഇല്ല; ഇത് രണ്ടു വ്യത്യസ്ത സമയങ്ങളിലുള്ള ഒരു ക്രിസ്തുവിന്റെ കാര്യവുമല്ല. വൈദ്യുതിനിലയത്തിലെ വൈദ്യുതി നമ്മുടെ വീടുകളോടു യോജിപ്പിച്ചിരിക്കുന്നതുപോലെ, മൂന്നാം സ്വർഗത്തിലുള്ള ക്രിസ്തു നമ്മുടെ ആത്മാവിനോടു യോജിപ്പിച്ചിരിക്കുന്നു. അവൻ വൈദ്യുതിയുടെ ഒഴുക്കിനെക്കാൾ അത്ഭുതവാനാണ്. വൈദ്യുതിയുടെ ഒഴുക്കിനാൽ രണ്ടു സ്ഥലങ്ങളെ ഒന്നാക്കുവാൻ കഴിയുമെങ്കിൽ, നമ്മുടെ അത്ഭുതവാനായ ക്രിസ്തുവിന് സ്വർഗത്തിലും നമ്മുടെ ആത്മാവിലും എത്രയധികം ആയിരിക്കുവാൻ കഴിയും.

## I. ശ്രേഷ്ഠൻ

ദൈവപുത്രനായ യേശു ഒരു ശ്രേഷ്ഠമഹാപുരോഹിതനാണെന്ന് പതിന്നാലാം വാക്യം പറയുന്നു. നമ്മുടെ അനുഭവമനുസരിച്ച്, ഇവിടെ പറയുന്ന ശ്രേഷ്ഠൻ എന്ന പദം അർഥമാക്കുന്നത് ഉൽകൃഷ്ടനും അത്ഭുതവാനും മഹത്വപൂർണനും ഏറ്റവും ബഹുമാന്യനും എന്നാണ്. വേദപുസ്തകത്തിന്റെ ചൈനീസ് ഭാഷ്യം പറയുന്നത് ബഹുമാന്യനും മഹത്വപൂർണനുമായ ഒരു മഹാപുരോഹിതൻ നമുക്കുണ്ടെന്നാണ്. ക്രിസ്തു ഇന്ന് മനുഷ്യ പദത്തിനൊന്നും വിവരിക്കുവാൻ കഴിയാത്ത ഇങ്ങനെയുള്ള ഉൽകൃഷ്ടനും ആശ്ചര്യവാനും അത്ഭുതവാനും മഹത്വപൂർണനും, ഏറ്റവും ബഹുമാന്യനുമായ ഒരു മഹാപുരോഹിതനാണ്. യാതൊരു ശബ്ദകോശത്തിലും മതിയായ ഒരു പദം നമുക്കു കണ്ടെത്തുവാൻ കഴിയില്ലെങ്കിലും, അതിവിശുദ്ധസ്ഥലത്ത് അവന്റെ ചുമലിലും അവന്റെ മാറിലും ആയിരിക്കുന്നതിന്റെ അനുഭവം നമ്മോടു പറയുന്നത് അവൻ ശ്രേഷ്ഠനും അത്ഭുതവാനുമായ ഒരു മഹാപുരോഹിതനാകുന്നു എന്നാണ്.

### A. അവന്റെ വ്യക്തിയിൽ

നമ്മുടെ മഹാപുരോഹിതനായ ക്രിസ്തു ഒന്നാമത് അവന്റെ വ്യക്തിയിൽ ശ്രേഷ്ഠനാണ്. അവൻ ദൈവം തന്നെയായ ദൈവപുത്രനാണ് (1:5, 8). അവൻ മനുഷ്യൻ തന്നെയായ മനുഷ്യപുത്രനുമാണ് (2:6). ദൈവവും മനുഷ്യനുമായ അവന് ദിവ്യപ്രകൃതവും മനുഷ്യപ്രകൃതവും ഉണ്ട്. അവൻ ദൈവത്തിന്റെ കാര്യങ്ങളും മനുഷ്യന്റെ കാര്യങ്ങളും അറിയുന്നുവെന്നു മാത്രമല്ല, അവൻ ദൈവത്തിന്റെ കാര്യങ്ങളിലും മനുഷ്യന്റെ കാര്യങ്ങളിലും ഉണ്ട്. മറ്റൊരു മഹാപുരോഹിതനും അവനെപ്പോലെ ആയിരുന്നിട്ടില്ല.

### B. അവന്റെ വേലയിൽ

രണ്ടാമതായി, നമ്മുടെ മഹാപുരോഹിതനായ ക്രിസ്തു തന്റെ വേലയിൽ ശ്രേഷ്ഠനാണ്. അവൻ നമ്മുടെ പാപങ്ങൾക്കുവേണ്ടിയുള്ള ശുദ്ധീകരണവും അനുനയവും വരുത്തി (1:3; 2:17). അവൻ പാപത്തെ നീക്കിക്കളയുകയും പാപമെന്ന പ്രശ്നം പരിഹരിക്കുകയും ചെയ്തു. സകല മനുഷ്യർക്കും വേണ്ടി മാത്രമല്ല, സകലത്തിനും വേണ്ടി അവൻ മരണം രുചിച്ചു (2:9). മരണം രുചിച്ചതിലൂടെ അവൻ അതിനെ ജയിച്ചു കീഴടക്കി. മരണത്തിന് അവനെ പിടിച്ചുവയ്ക്കുവാൻ കഴിഞ്ഞില്ല (പ്രവൃ. 2:24, 27). മരണത്തിന്റെ പ്രഭാവമുള്ളവനായ പിശാചിനെയും അവൻ നശിപ്പിച്ചു (2:14).

ക്രൂശിലെ അവന്റെ മരണത്താൽ ക്രിസ്തു മരണത്തിന്റെ പ്രഭാവമുള്ള സാത്താനെ ഇല്ലാതാക്കി. മരണത്തെ ജയിക്കുകയും പിശാചിനെ നശിപ്പിക്കുകയും ചെയ്യതതിലൂടെ, അവൻ നമ്മെ മരണത്തിന്റെ അടിമത്തത്തിൽനിന്നും വിടുവിച്ചു (2:15). നാം സ്വതന്ത്രരാക്കപ്പെട്ടത് പാപത്തിന്റെ അടിമത്തത്തിൽനിന്നു മാത്രമല്ല, മരണത്തിന്റെ അടിമത്തത്തിൽനിന്നും കൂടിയാണ്. അവന്റെ കഷ്ടങ്ങളിലൂടെ നമ്മുടെ രക്ഷാനായകനാകുവാൻ അവൻ തികഞ്ഞവനാക്കപ്പെട്ടു (2:10). അവൻ പോർ പൊരുതി തേജസ്സിലേക്കു പ്രവേശിച്ചിരിക്കുന്നു. വഴിതെളിക്കുന്നവൻ എന്ന നിലയിൽ അവൻ തേജസ്സിലേക്കുള്ള അതേ വഴിയിൽ നമ്മെ നയിക്കുന്നു. മോശെ ചെയ്യതുപോലെ അവൻ ഇപ്പോൾ ദൈവത്തിന്റെ ഭവനത്തെ പരിപാലിക്കുന്നു (3:5-6). ഭവനം പണിയുന്നവനെന്ന നിലയിൽ, അതിനെ എങ്ങനെ പരിപാലിക്കണമെന്ന് അവന് തീർച്ചയായും അറിയാം. യോശുവ ചെയ്യതുപോലെ അവൻ ഇപ്പോഴും നമ്മെ വിശ്രമത്തിലേക്കു കൊണ്ടുവരുന്നു (4:8-9). സഭായുഗത്തിൽ അവൻ നമുക്ക് ശബ്ബത്തിൻ വിശ്രമം നൽകി, ഇനി രാജ്യയുഗത്തിന്റെ ശബ്ബത്തിൻ വിശ്രമത്തിലേക്ക് അവൻ നമ്മെ കൊണ്ടുവരും. പഴയനിയമത്തിലെ ഒരു മഹാപുരോഹിതനും ഇതുവരെ നിർവഹിച്ചിട്ടില്ലാത്ത അവന്റെ അത്ഭുതകരവും ഉൽകൃഷ്ടവുമായ സകല പ്രവൃത്തികളിലും നമ്മുടെ മഹാപുരോഹിതനെന്ന നിലയിൽ അവൻ ശ്രേഷ്ഠനാണ്.

## C. അവന്റെ നേട്ടത്തിൽ

നമ്മുടെ മഹാപുരോഹിതനായ ക്രിസ്തു അവന്റെ നേട്ടത്തിലും ശ്രേഷ്ഠനാണ്. അവൻ സ്വർഗത്തിൽ അതിവിശുദ്ധസ്ഥലത്തേക്കു പ്രവേശിക്കുകയും തേജസ്സും ബഹുമാനവും കൊണ്ട് കിരീടമണിയിക്കപ്പെടുകയും ചെയ്യുവാൻ തക്കവണ്ണം (6:19; 9:24; 2:9) അവന്റെ നേട്ടം അത്രത്തോളം ഉന്നതമായിരുന്നു. മുള്ളുകൊണ്ടുള്ള കിരീടം ധരിച്ചുകൊണ്ട് അവൻ ഇപ്പോൾ ഭൂമിയിലല്ല; അവൻ ഇപ്പോൾ തേജസ്സിന്റെ കിരീടം ധരിച്ചുകൊണ്ട് ഏറ്റവും ഉന്നത സ്വർഗത്തിലാണ്. ഒരു മഹാപുരോഹിതനും അവന്റെ നേട്ടത്തിൽ അവനെ മറികടക്കുവാൻ കഴിയില്ല; ഈ കാര്യത്തിൽ ആരെയും അവനുമായി താരതമ്യം ചെയ്യുവാൻപോലും കഴിയില്ല.

## II. സ്വർഗത്തിലൂടെ കടന്നുപോയവൻ

തന്റെ വ്യക്തിയിലും യോഗ്യതയിലും വേലയിലും നിർവഹണത്തിലും നേട്ടത്തിലും ശ്രേഷ്ഠനായ, നമ്മുടെ മഹാപുരോഹിതനായ ക്രിസ്തു, സ്വർഗത്തിലൂടെ കടന്നുപോയി (4:14). ക്രൂശിക്കപ്പെട്ടതിനുശേഷവും, ഉയിർപ്പിക്കപ്പെട്ടതിനുമുമ്പും, ക്രിസ്തു നല്ലൊരു കാഴ്ചകാണൽ പര്യടനം നടത്തിക്കൊണ്ട് പാതാളത്തിലൂടെ നടന്നു. സാത്താനും മരണത്തിന്റെ എല്ലാ

ശക്തികളും അവനെ പിടിച്ചുവയ്ക്കുവാൻ ശ്രമിച്ചുവെങ്കിലും, അവന്റെ പുനരുത്ഥാന സമയത്ത്, അവൻ കല്ലറയിൽനിന്നും എഴുന്നേറ്റു (പ്രവൃ. 2:24, 27). പിന്നീട്, അവൻ സ്വർഗത്തിലേക്ക് ആരോഹണം ചെയ്യപ്പോൾ അവൻ ഭൂമിയുടെ ഗുരുത്വാകർഷണത്തെ ജയിച്ചു. ഭൂമിയെ വിട്ടുപോകുന്നതിൽനിന്നും തടയുവാൻ ഭൂതങ്ങൾ തീവ്രമായി ശ്രമിച്ചുവെങ്കിലും, അവൻ അത്ഭുതകരമായി ഉയർന്നുപൊങ്ങി. പിന്നെ അവൻ സ്വർഗത്തിലേക്ക് ആരോഹണം ചെയ്തു. അവൻ വായുവിലൂടെ കടന്നുപോകുമ്പോൾ, ദുഷ്ടാത്മാക്കളും വാഴ്ചകളും അധികാരങ്ങളും അവനെ പിടികൂടുവാനും പിടിച്ചുനിർത്തുവാനും ശ്രമിച്ചുവെങ്കിലും, സർവ പ്രപഞ്ചത്തിനും ഒരു കൂത്തുകാഴ്ചയാക്കിക്കൊണ്ട് അവൻ അവരെ ഉരിഞ്ഞുകളഞ്ഞു. ക്രിസ്തു "വാഴ്ചകളെയും അധികാരങ്ങളെയും ഉരിഞ്ഞുകളഞ്ഞ്, ക്രൂശിൽ അവരുടെമേൽ ജയോത്സവം കൊണ്ടാടി, അവൻ അവരെ പരസ്യമായ കാഴ്ചയാക്കി" (യവനഭാഷ) എന്ന് കൊലൊസ്യർ 2:15 പറയുന്നതിന്റെ അർഥം ഇതാണ്. ഈ വാക്യത്തിൽ മൂന്നു മുഖ്യമായ കാര്യങ്ങൾ നാം കാണുന്നു: ക്രിസ്തു വാഴ്ചകളെയും അധികാരങ്ങളെയും ഉരിഞ്ഞുകളഞ്ഞു എന്നും, അവൻ അവരെ പരസ്യമായ കാഴ്ചയാക്കി എന്നും, അവരുടെമേൽ ജയോത്സവം കൊണ്ടാടി എന്നും. ഇപ്പോൾ, പാതാളത്തിൽനിന്നും ഉയിർത്തെഴുന്നേറ്റതിനുശേഷം വാഴ്ചകളെയും അധികാരങ്ങളെയും ഉരിഞ്ഞുകളയുകയും സ്വർഗത്തിലൂടെ കടന്നുപോകുകയും ചെയ്തിട്ട്, അവൻ ഇപ്പോൾ സ്വസ്ഥതയോടെ ശബ്ബത്ത് ആസ്വദിക്കുന്ന ഇടമായ ദൈവത്തിന്റെ വലത്തുഭാഗത്ത് സിംഹാസനത്തിൽ ഇരിക്കുന്നു. എന്നാൽ അവന്റെ എല്ലാ അവയവങ്ങളും അവന്റെ ശബ്ബത്തിൻ വിശ്രമത്തിലേക്കു വരുന്നത് കാണുവാൻ അവൻ ആഗ്രഹിക്കുന്നു. അവന്റെ ശബ്ബത്തിലേക്കു പ്രവേശിക്കാനുള്ള മാർഗം നമ്മുടെ മഹാപുരോഹിതനായി അവനെ അനുഭവമാക്കുന്നതാണ്. നാം കാണുവാൻപോകുന്നതുപോലെ, നാം അവൻ ഇരിക്കുന്ന കൃപയുടെ സിംഹാസനത്തിലേക്ക് മമ്പോട്ടുവന്ന് കരുണ പ്രാപിച്ച് കൃപ കണ്ടെത്തുക മാത്രം വേണം. നാം ഇതു ചെയ്യുമ്പോൾ, വരാൻപോകുന്ന മേന്മയേറിയ ശബ്ബത്തിനുവേണ്ടി അവനോടുകൂടെ കാത്തിരുന്നുകൊണ്ട്, നാം പെട്ടെന്നുതന്നെ സഭാജീവിതത്തിന്റെ ശബ്ബത്തിൻ വിശ്രമത്തിലായിരിക്കും. അവനെ സ്തുതിക്കുക!

## III. എല്ലാ രീതിയിലും പരീക്ഷിക്കപ്പെട്ടവൻ

നമ്മുടെ മഹാപുരോഹിതനെന്ന നിലയിൽ ക്രിസ്തു പാപമില്ലാതെ എല്ലാ രീതിയിലും നമ്മെപ്പോലെ പരീക്ഷിക്കപ്പെട്ടു (4:15). അവൻ പരീക്ഷിക്കപ്പെട്ടതിനാൽ, പരീക്ഷിക്കപ്പെടുന്ന നമ്മെ സഹായിക്കുവാൻ അവൻ പ്രാപ്തനും യോഗ്യതയുള്ളവനുമാണ് (2:18). അവന്റെ എല്ലാ പരീക്ഷകളിലും, അവൻ ഒരിക്കലും പാപത്താൽ

കറപുരുണ്ടില്ല. പാപത്താൽ സ്പർശിക്കപ്പെടാതെ അവൻ പരീക്ഷകൾ സഹിച്ചു. പരീക്ഷകളിലൂടെ കടന്നുപോകുന്നതിനും പാപത്തിന്റെ ഏതൊരു കുരുക്കിൽനിന്നും നമ്മെ കാത്തുസൂക്ഷിക്കുന്നതിനും നമ്മെ സഹായിക്കുവാൻ അവൻ വാസ്തവമായും സജ്ജനാണ്.

### IV. നമ്മുടെ ബലഹീനതകളിൽ സഹതപിക്കുന്നവൻ

നമ്മെപ്പോലെ സകലത്തിലും പരീക്ഷിക്കപ്പെട്ടവനെന്ന നിലയിൽ, നമ്മുടെ മഹാപുരോഹിതനായ ക്രിസ്തുവിന് നമ്മുടെ ബലഹീനതകളോട് സഹതാപം കാണിക്കുവാൻ കഴിയും (4:15). നമ്മുടെ ബലഹീനതകളുടെ അനുഭൂതിയാൽ അവൻ എളുപ്പത്തിൽ സ്പർശിക്കപ്പെടുകയും നമ്മുടെ ബലഹീനതകളിൽ നമ്മോടുകൂടെയുള്ള സഹ-കഷ്ടതയിലേക്ക് വേഗത്തിൽ പ്രവേശിക്കുകയും ചെയ്യുന്നു. നമുക്ക് എന്തു സംഭവിച്ചാലും നമുക്ക് എന്തു കഷ്ടതയുണ്ടായാലും, അവൻ അത് നാം അറിയുന്നതുപോലെ അറിയുകയും നമ്മോടുകൂടെ സഹതപിക്കുകയും ചെയ്യുന്നു.

Mon

## കൃപയുടെ സിംഹാസനം

### I. അനുനയ മൂടിയാൽ സൂചിപ്പിക്കപ്പെടുന്ന ദൈവത്തിന്റെ സിംഹാസനം

നമ്മുടെ മഹാപുരോഹിതനെക്കുറിച്ച് അനാവരണം ചെയ്തശേഷം, എഴുത്തുകാരൻ നമ്മെ "കരുണ ലഭിക്കുവാനും തക്കസമയത്തേക്കുള്ള സഹായത്തിനായി കൃപ കണ്ടെത്തുവാനും നമ്മെ ധൈര്യത്തോടെ കൃപയുടെ സിംഹാസനത്തിലേക്കു മുമ്പോട്ടുവരുവാൻ" ഉത്സാഹിപ്പിക്കുന്നു (4:16). കൃപയുടെ സിംഹാസനം സംശയമന്യേ സ്വർഗത്തിലുള്ള ദൈവസിംഹാസനമാണ് (വെളി. 4:2). പ്രപഞ്ചത്തെ നിയന്ത്രിക്കുന്നതിനും അതിനെ ഭരിക്കുന്നതിനുമായി മുഴുവൻ പ്രപഞ്ചത്തിനുമുള്ള അധികാരത്തിന്റെ സിംഹാസനമാണ് ദൈവം ഇരിക്കുന്ന ദൈവസിംഹാസനം (ദാനീ. 7:9; വെളി. 5:1). അത് ദൈവത്തിന്റെ ഭരണനിർവഹണത്തിന്റെ സിംഹാസനമാണ്. എന്നാൽ വിശ്വാസികളായ നമുക്ക്, അത് അതിവിശുദ്ധസ്ഥലത്ത് (എബ്രാ. 9:3, 5) ക്രിസ്തുവിന്റെ രക്തം തളിച്ച (ലേവ്യ. 16:15; എബ്രാ. 9:12) സാക്ഷ്യപെട്ടകത്തിന്മേലുള്ള (പുറ. 25:17-21; റോമ. 3:25) അനുനയ മൂടി (കരുണാസനം) സൂചിപ്പിക്കുന്ന കൃപയുടെ സിംഹാസനമാണ്. ഇവിടെയാണ് ദൈവം തന്റെ ജനത്തെ സന്ധിക്കുകയും അവരുമായി ആശയവിനിമയം നടത്തുകയും ചെയ്യുന്നത് (പുറ. 25:21-22). ക്രിസ്തുവിന്റെ രക്തം മുഖാന്തരം നാം കൃപയുടെ സിംഹാസനത്തിലെത്തുമ്പോൾ, നാം ദൈവത്തെ സന്ധിക്കുകയും അവനുമായി ആശയവിനിമയം നടത്തുകയും ചെയ്യുന്നു.

## II. ദൈവത്തിന്റെയും കുഞ്ഞാടിന്റെയും സിംഹാസനം

എബ്രായർ 4-ലെ കൃപയുടെ സിംഹാസനം വെളിപ്പാട് 4-ലെ അധികാരത്തിന്റെ സിംഹാസനമാണ്. അത് വെളിപ്പാട് 22:1-2-ൽ ദൈവത്തിന്റെയും കുഞ്ഞാടിന്റെയും സിംഹാസനമായിത്തീരുകയും, അതിൽനിന്ന് സ്ഫടിക സ്വച്ഛമായ ജീവജലനദി പുറപ്പെടുകയും ചെയ്യുന്നു. ഈ നദി മുഴുവൻ പുതിയ യെരൂശലേം നഗരത്തിലൂടെയും ഒഴുകുന്നു. ജീവനുള്ള ആത്മാവിനോടുകൂടെ സമ്പന്ന ക്രിസ്തു കൃപയുടെ സിംഹാസനത്തിൽ നിന്ന് ഒഴുകുന്നുവെന്ന് വെളിപ്പെടുത്തിക്കൊണ്ട്, ഈ നദിക്കുള്ളിൽ ജീവവൃക്ഷം വളരുന്നു. എന്താണ് കൃപ? അത് ജീവവൃക്ഷം വളരുന്ന ഒഴുകുന്ന നദിയാണ്. ദൈവത്തിന്റെയും കുഞ്ഞാടിന്റെയും സിംഹാസനം അവിശ്വാസികൾക്കും ഭൂതങ്ങൾക്കും അധികാരത്തിന്റെ സിംഹാസനവും, നമുക്ക് അത് കൃപയുടെ സിംഹാസനവുമാണ്. നാം ഈ സിംഹാസനത്തിലേക്കു വരുമ്പോഴെല്ലാം, നമ്മെ നനയ്ക്കുവാനും സഹായിക്കുവാനും എന്തോ ഒന്ന് ഒഴുകുന്നു എന്ന ബോധം നമുക്കുണ്ട്. ഇതാണ് കൃപ. ഈ സഹായത്തെ തീർച്ചയായും നമുക്കു കുടിക്കുവാനും ഭക്ഷിക്കുവാനും കഴിയും.

## III. നമ്മുടെ ആത്മാവിലുള്ള ദൈവത്തിന്റെ നിവാസം

എബ്രായർ 4:16 നമ്മോട് "ധൈര്യത്തോടെ കൃപയുടെ സിംഹാസനത്തിലേക്കു മുമ്പോട്ടുവരുക" എന്ന് പറയുന്നു. കൃപയുടെ സിംഹാസനം സ്വർഗത്തിലായതിനാൽ, അതിന്റെ അടുക്കലേക്ക് നമുക്കെങ്ങനെ മുമ്പോട്ടുവരുവാൻ കഴിയും? അടിസ്ഥാന ഉപദേശമനുസരിച്ച്, നാം മരിച്ചിട്ട് സ്വർഗത്തിലേക്കു പോകുന്നതുവരെ കാത്തിരിക്കണം. എന്നാൽ നാം ഇപ്പോഴും ഭൂമിയിലായിരിക്കുമ്പോൾ നമുക്കെങ്ങനെയാണ് അതിന്റെ മുമ്പാകെ വരുവാൻ കഴിയുന്നത്? ജീവനുള്ളതും വ്യാപരിക്കുന്നതുമായ ദൈവവചനത്താൽ ദേഹിയെയും ആത്മാവിനെയും വേർതിരിക്കുന്നതിനെക്കുറിച്ചു പറയുന്ന ഇതേ അധ്യായത്തിലെ വാക്യം 12-ലാണ് അതിനുള്ള രഹസ്യം. നാം കണ്ടതുപോലെ, സ്വർഗത്തിൽ കൃപയുടെ സിംഹാസനത്തിൽ ഇരിക്കുന്ന ക്രിസ്തു (റോമ. 8:34) ഇപ്പോൾ നമ്മിലും ഉണ്ട് (റോമ. 8:10), അതായത്, ദൈവത്തിന്റെ നിവാസം ഉള്ളിടമായ (എഫെ. 2:22) നമ്മുടെ ആത്മാവിലുണ്ട് (2 തിമൊ. 4:22), (എഫെ. 2:22 — "ആത്മാവിനാൽ" എന്നതിനെ "ആത്മാവിൽ" എന്നു വിവർത്തനം ചെയ്യണം). ക്രിസ്തു നമ്മുടെ ആത്മാവിലുള്ളതുപോലെ, പിതാവും ആത്മാവും നമ്മുടെ ആത്മാവിലുണ്ട് (യോഹ. 14:20, 23; റോമ. 8:16). ത്രിയേകദൈവം ഇവിടെ നമ്മുടെ ആത്മാവിലുണ്ട്. സ്വർഗത്തിന്റെ കവാടമായ, ദൈവത്തിന്റെ നിവാസമെന്ന ദൈവഭവനമായ

ബെഥേലിൽ, ഭൂമിയെ സ്വർഗത്തോടു യോജിപ്പിക്കുകയും സ്വർഗത്തെ ഭൂമിയിലേക്കു കൊണ്ടുവരുകയും ചെയ്യുന്ന ഗോവണിയാണ് ക്രിസ്തു (ഉല്പ. 28:12-17; യോഹ. 1:51). കൃപയുടെ സിംഹാസനം സ്വർഗത്തിലാണെങ്കിലും, നമ്മുടെ അത്ഭുതവാനായ ക്രിസ്തു മൂന്നാം സ്വർഗത്തെ ഇന്ന് ഭൂമിയിൽ ദൈവത്തിന്റെ നിവാസം ഉള്ളിടമായ നമ്മുടെ ആത്മാവിലേക്കു കൊണ്ടുവന്നിരിക്കുന്നു. നമ്മുടെ ആത്മാവിനെ ഇന്നത്തെ ബെഥേൽ എന്നു വിളിക്കാം. ഉല്പത്തി 28 അനുസരിച്ച് ബെഥേൽ ഒന്നാമത് ഒരു സ്ഥലവും രണ്ടാമത് ദൈവത്തിന്റെ നിവാസവുമാണ്. സ്ഥലത്തെയും കല്ലിനെയും ബെഥേൽ എന്ന് വിളിച്ചു. തത്ത്വമനുസരിച്ച്, ദൈവത്തിന്റെ നിവാസമുള്ളിടത്ത് സ്വർഗീയ ഗോവണിയും സ്വർഗത്തിന്റെ കവാടവും ഉണ്ട്. ദൈവത്തിൽനിന്നും നമ്മിലേക്കു വന്ന അത്ഭുതവാനും, വളരെയധികം നിവർത്തിച്ചവനും നേടിയവനും, നമ്മുടെ നായകനും അപ്പൊസ്തലനും മഹാപുരോഹിതനുമായ ക്രിസ്തു, നമ്മുടെ ആത്മാവിനെ സ്വർഗത്തിന്റെ കവാടമാക്കിക്കൊണ്ട് നമ്മിലേക്കു വന്നിരിക്കുന്നു. കൃപയുടെ സിംഹാസനത്തിലേക്ക് മുമ്പോട്ടുവരുന്നത് ഇപ്പോൾ നമുക്ക് എളുപ്പമാണ്, കാരണം അത് കവാടത്തിനുള്ളിൽ തന്നെയുണ്ട്. കൃപയുടെ സിംഹാസനം സ്വർഗത്തിലുള്ളപ്പോൾ തന്നെ, ക്രിസ്തുവിനാലും ക്രിസ്തുവിലൂടെയും അതിനെ നമ്മുടെ ആത്മാവിനോടു യോജിപ്പിച്ചിരിക്കുന്നു.

കൃപയുടെ സിംഹാസനത്തിലേക്ക് മുമ്പോട്ടുവരുന്നത് തികച്ചും നമ്മുടെ ആത്മാവിലുള്ള ഒരു കാര്യമാണ്. നാം മനസ്സിലാണെങ്കിൽ, അതിവിശുദ്ധസ്ഥലത്തിലേക്കു പ്രവേശിക്കുന്നത് പ്രയാസമായിരിക്കും. നാം നമ്മുടെ ദേഹിയെന്ന മരുഭൂമിയിൽ അലഞ്ഞുതിരിയുന്ന പ്രാകൃതനായ ഒരു വ്യക്തിയാണെങ്കിൽ, നാം അതിവിശുദ്ധസ്ഥലത്തുനിന്നും വളരെ അകലെയായിരിക്കും. നമ്മുടെ ആത്മാവ് ഇന്ന് ദൈവത്തിന്റെ നിവാസമായതിനാൽ, അത് സ്വർഗത്തിന്റെ കവാടമാണ്; ഇവിടെ ഭൂമിയിലെ ജനമായ നമ്മെ സ്വർഗത്തോടു യോജിപ്പിക്കുകയും സ്വർഗത്തെ നമ്മിലേക്കു കൊണ്ടുവരുകയും ചെയ്യുന്ന ഗോവണിയാണ് ക്രിസ്തു. നാം നമ്മുടെ ആത്മാവിലേക്കു തിരിയുമ്പോഴെല്ലാം, സ്വർഗത്തിന്റെ കവാടത്തിലേക്കു പ്രവേശിക്കുകയും സർഗീയ ഗോവണിയായ ക്രിസ്തുവിലൂടെ സ്വർഗത്തിലുള്ള കൃപയുടെ സിംഹാസനത്തെ സ്പർശിക്കുകയും ചെയ്യുന്നു. ഇതിനായി, നമ്മുടെ ആളത്തത്തിന്റെ ആഴങ്ങളിലേക്ക് തുളച്ചുകയറുന്നതും നമ്മുടെ അലഞ്ഞുതിരിയുന്ന മനസ്സിൽനിന്നും നമ്മുടെ ആത്മാവിനെ വേർവിടുവിക്കുന്നതുമായ ദൈവത്തിന്റെ ജീവനുള്ള വചനം നമുക്കാവശ്യമാണ്. നാം നമ്മുടെ ആത്മാവിലായിരിക്കുന്നിടത്തോളം നമുക്ക് സ്വർഗത്തിന്റെ കവാടമുണ്ട്. കവാടത്തിനുള്ളിൽ കൃപയുടെ സിംഹാസനമുണ്ട്. അതിവിശുദ്ധസ്ഥലത്തിനും നമ്മുടെ ആത്മാവിനുമിടയിൽ അകലമില്ലാത്തതുകൊണ്ട്

അതിവിശുദ്ധസ്ഥലത്തേക്കു പ്രവേശിക്കുന്നതിന് സമയമെടുക്കുന്നില്ല. നമ്മുടെ ആളത്തത്തിന്റെ ആഴത്തിൽനിന്നും "കർത്താവായ യേശുവേ" എന്നു നാം പറയുമ്പോഴെല്ലാം നാം ഉടനടി കൃപയുടെ സിംഹാസനത്തെ സ്പർശിച്ചുകൊണ്ട് അതിവിശുദ്ധസ്ഥലത്തായിരിക്കും. നാം കൃപയുടെ സിംഹാസനത്തെ സ്പർശിക്കേണ്ടത് എത്രമാത്രം ആവശ്യമാകുന്നു!

## IV. കരുണ പ്രാപിക്കുകയും കൃപ കണ്ടെത്തുകയും ചെയ്യുക

കൃപയുടെ സിംഹാസനത്തിലേക്കു നാം മുമ്പോട്ടുവരുമ്പോൾ, നാം "കരുണ ലഭിക്കുകയും തക്കസമയത്തേക്കുള്ള സഹായത്തിനായി കൃപ കണ്ടെത്തുകയും ചെയ്യുന്നു." ദൈവത്തിന്റെ കരുണയും അവന്റെ കൃപയും അവന്റെ സ്നേഹത്തിന്റെ ആവിഷ്കാരമാണ്. നാം ദയനീയമായ അവസ്ഥയിലായിരിക്കുമ്പോൾ, ഒന്നാമതായി അവന്റെ കരുണ നമ്മിലേക്ക് എത്തിച്ചേരുകയും തന്റെ കൃപയാൽ നമ്മോട് പ്രസാദിക്കുവാൻ കഴിയുന്നതായ ഒരു അവസ്ഥയിലേക്ക് നമ്മെ കൊണ്ടുവരുകയും ചെയ്യുന്നു. ധൂർത്തുപുത്രൻ മടങ്ങിവരുന്നതു കണ്ടപ്പോൾ പിതാവിന് അവനോടു മനസ്സലിവു തോന്നിയെന്ന് ലൂക്കൊസ് 15:20-24 പറയുന്നു. ഇത് പിതാവിന്റെ സ്നേഹത്തെ പ്രകടമാക്കുന്ന കരുണയാണ്. പിന്നീട് പിതാവ് അവനെ അങ്കി ധരിപ്പിക്കുകയും തടിപ്പിച്ച കാളക്കുട്ടിയെക്കൊണ്ട് അവനെ പോഷിപ്പിക്കുകയും ചെയ്തു. ഇതും പിതാവിന്റെ സ്നേഹത്തെ വെളിവാക്കുന്ന കൃപയാണ്. നാമും ദൈവത്തിന്റെ കൃപയും തമ്മിലുള്ള അന്തരം കുറച്ചുകൊണ്ട് ദൈവത്തിന്റെ കരുണ അവന്റെ കൃപയെക്കാൾ ദൂരത്തെത്തുന്നു. പലപ്പോഴും നമ്മുടെ ദയനീയമായ അവസ്ഥ കാരണം, നാം കൃപ കണ്ടെത്തുന്നതിനു മുമ്പ് നാം കരുണ പ്രാപിക്കണം. ധൂർത്തുപുത്രൻ പിതാവിന്റെ അടുക്കൽ വന്നതുപോലെ, ഏറെക്കുറെ അതേ രീതിയിലാണ് നാം യാചകരെപ്പോലെ കൃപയുടെ സിംഹാസനത്തിലേക്കു വരുന്നത്. ധൂർത്തുപുത്രനെപ്പോലെ, ഒരു യാചകന് കരുണ ആവശ്യമാണ്. നാം ഒരു ദയനീയ അവസ്ഥയിലായിരിക്കുകയും ഒരുവൻ നമുക്ക് എന്തെങ്കിലും തരുകയും ചെയ്യുമ്പോൾ, അതു കരുണയാണ്. എന്നാൽ നാം യോഗ്യതയുള്ള ഒരു അവസ്ഥയിലായിരിക്കുകയും ഒരുവൻ നമുക്ക് എന്തെങ്കിലും തരുകയും ചെയ്യുമ്പോൾ, അതു കൃപയാണ്. പലപ്പോഴും നാം കൃപയുടെ സിംഹാസനത്തിലേക്കു വന്നപ്പോൾ നാം ദയനീയരാണെന്ന അനുഭൂതി ഉണ്ടാകുകയും, "പിതാവേ, ഞാൻ ഒന്നിനും യോഗ്യനല്ല" എന്നു പറയുകയും ചെയ്തു. എന്നാൽ പിതാവു പറഞ്ഞു, "അതു പ്രശ്നമല്ല. നീ അയോഗ്യനാണെങ്കിലും ഞാൻ കരുണയുള്ളവനാണ്. എന്റെ കരുണ നിന്നിൽ എത്തിച്ചേരുകയും, നിന്നെ യോഗ്യനാക്കുകയും,

നിന്നെ അലങ്കരിക്കുകയും ചെയ്യുന്നു. അത് ഉത്തമമായ വസ്ത്രംകൊണ്ട് നിന്നെ ധരിപ്പിക്കുന്നു." പിതാവിന്റെ കരുണ സ്വീകരിച്ചതിനുശേഷം, പെട്ടെന്ന് നാം വളരെ പ്രധാനപ്പെട്ട ഒരു വ്യക്തിയാണെന്ന് നമുക്ക് അനുഭവപ്പെടുന്നു. അപ്പോൾ നാം തടിപ്പിച്ച കാളക്കുട്ടിയെ ഇരുന്ന് ആസ്വദിക്കുവാൻ യോഗ്യരാണ്. ഇതാണ് കൃപ. ഇത് കേവലം ഒരു ഉപദേശമല്ല, മറിച്ച് നമ്മുടെ അനുഭവത്തിലൂടെ സ്ഥിരീകരിക്കപ്പെട്ട ഒന്നാണ്.

കൃപയുടെ സിംഹാസനത്തിൽ ആരാണുള്ളത്? ദൈവം മാത്രമല്ല, വീണ്ടെടുപ്പുകാരനായ കുഞ്ഞാടും ഉണ്ട്. മനോഹരമായ കൃപയുടെ സിംഹാസനത്തിൽ ദൈവവും അവന്റെ വലത്തുഭാഗത്ത് നമ്മുടെ മഹാപുരോഹിതനായ വീണ്ടെടുപ്പുകാരനും ഇരിക്കുന്നു. സിംഹാസനം ദൈവത്തിന്റെ സിംഹാസനം മാത്രമല്ല, ദൈവത്തിന്റെയും കുഞ്ഞാടിന്റെയും സിംഹാസനമാണെന്നത് അർഥമാക്കുന്നത് നമ്മുടെ ആസ്വാദനത്തിനുവേണ്ടിയുള്ള കൃപയായി ദൈവം കുഞ്ഞാടിൽ അവനെത്തന്നെ പുറത്തേക്ക് ഒഴുക്കുന്നു എന്നാണ്. നാം യാതൊന്നും ചെയ്യേണ്ട ആവശ്യമില്ല. നാം കേവലം മുമ്പോട്ടുവരുകയും, തുറന്നുകൊടുക്കുകയും, തക്കസമയത്തേക്കുള്ള സഹായത്തിനായി കരുണ പ്രാപിക്കുകയും കൃപ കണ്ടെത്തുകയും വേണം. എല്ലാ ദിവസവും ഈ കൃപയിൽനിന്നു വരുന്ന സഹായം വളരെ സമയോചിതമാണ്; അത് എപ്പോഴും പുതിയതും നമ്മുടെ സാഹചര്യത്തിനും ആവശ്യത്തിനും കൃത്യമായി യോജിക്കുന്നതുമാണ്. എബ്രായലേഖനമനുസരിച്ചുള്ള യഥാർഥ ക്രിസ്തീയ ജീവിതം കൃപയുടെ സിംഹാസനത്തിലേക്കു മുമ്പോട്ടുവരുന്ന ഒരു ജീവിതം മാത്രമല്ല, തുടർച്ചയായി കരുണ പ്രാപിക്കുകയും കൃപ കണ്ടെത്തുകയും ചെയ്തുകൊണ്ട് സിംഹാസനത്തിനു മുന്നിലുള്ള അതിവിശുദ്ധസ്ഥലത്ത് വസിക്കുന്ന ഒരു ജീവിതം കൂടിയാണ്. ഇതാണ് ഇന്നു നമുക്കാവശ്യമായ ജീവിതം. കർത്താവിന്റെ കരുണയാൽ നിർണായകമായ ഈ കാര്യങ്ങൾ നമ്മിലേക്കു പണിതുചേർത്തിട്ടുണ്ടെങ്കിൽ, നാം ഒരിക്കലും പഴയതു പോലെയായിരിക്കുകയില്ല.

ദൈവത്തിന്റെ കരുണയും കൃപയും എല്ലായ്പ്പോഴും നമുക്ക് ലഭ്യമാണ്. എങ്കിലും, നമ്മുടെ ആത്മാവിനെ വ്യായാമംചെയ്തുകൊണ്ട് കൃപയുടെ സിംഹാസനത്തിലേക്കു മുമ്പോട്ടുവരുകയും, നമ്മുടെ സകല ബലഹീനതകളിലും നമ്മോടു സഹതാപം കാണിക്കുന്ന നമ്മുടെ മഹാപുരോഹിതനെ സ്പർശിക്കുകയും ചെയ്തുകൊണ്ട് അവയെ പ്രാപിക്കുകയും കണ്ടെത്തുകയും വേണം. ഈ വാക്കിനാൽ, ക്ഷീണിതരായ എബ്രായ വിശ്വാസികൾ നിവർന്നു നിൽക്കേണ്ടതിന് (12:12), തക്കസമയത്തേക്കുള്ള സഹായത്തിനായി കരുണ പ്രാപിക്കുവാനും കൃപ കണ്ടെത്തുവാനും എബ്രായലേഖനത്തിന്റെ എഴുത്തുകാരൻ ഉത്സാഹിപ്പിച്ചു.